Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2021/1035-2 (44)

തീയതി: 10.05.2021

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും

സർ,

**വിഷയം:-** **കൈറ്റ് വിക്ടേഴ്സ് - കുട്ടികളുടെ മാനസികാരോഗ്യം - ലൈവ് ഫോൺ-ഇൻ പരിപാടി സ്കൂൾ കുട്ടികളെ അറിയിക്കുന്നതിന് ക്രമീകരണം ഒരുക്കുന്നത് സംബന്ധിച്ച്**

കോവിഡ് 19 പ്രതിസന്ധിയുടെ കാലത്ത് കുട്ടികളുടെ മാനസികാരോഗ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഈ രംഗത്തെ വിദഗ്ധ ഡോക്ടർമാരോട് നേരിട്ട് വിളിച്ച് ചോദിക്കാനുള്ള അവസരം വനിതാ ശിശു വികസന വകുപ്പുമായി ചേർന്ന് കൈറ്റ് വിക്ടേഴ്സിൽ ഒരുക്കിയിട്ടുണ്ട്. എല്ലാ ദിവസവും **രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് 1800 425 9877** നമ്പരിലേയ്ക്ക് വിളിച്ച് ചോദിക്കാനുള്ള അവസരം. പഠന പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും, കുട്ടികളുടെ ശരിയായ വളർച്ചയും വികാസവും, ഉത്തരവാദിത്വ പൂർണമായ രക്ഷകർതൃത്വം, ഡിജിറ്റൽ അഡിക്ഷൻ, കൗമാര പ്രശ്നങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ 'മാനസികാരോഗ്യം' പരിപാടിയിൽ ചർച്ച ചെയ്യും.

ദിവസേന രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് 12.30 വരെയുള്ള 'മാസികാരോഗ്യം' ലൈവ് ഫോൺ-ഇൻ പരിപാടിയുടെ പുനഃസംപ്രേഷണം വൈകുന്നേരം 06.30 മുതൽ 08.00 മണി വരെ ഉണ്ടായിരിക്കും. കൈറ്റ് വിക്ടേഴ്സ് ചാനലിനോടൊപ്പം പോർട്ടലിലൂടെ (victers.kite.kerala.gov.in) ഫെയ്സ്ബുക്കിലും (victerseduchannel) പരിപാടി തൽസമയം കാണാം. പിന്നീട് കാണാനായി കൈറ്റ് വിക്ടേഴ്സ് യൂട്യൂബിലും (youtube.com/itsvicters) സംവിധാനം ഒരുക്കി യിട്ടുണ്ട്.

നമുക്ക് വിളിക്കാനുണ്ടെങ്കിൽ മാത്രമല്ല, മറ്റുള്ളവർ വിളിക്കുന്നത് നമുക്കും കൂടി പ്രയോജനപ്പെടുന്ന കാര്യമാണ് എന്നതിനാൽ ഈ പരിപാടി കേൾക്കാൻ എല്ലാ കുട്ടികൾക്കും രക്ഷിതാക്കൾക്കും നിർദേശം നൽകുന്നത് നന്നായിരിക്കും.

ഈ വിവരം എല്ലാ സ്കൂൾ പ്രഥമാധ്യാപകരേയും അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

കെ.അൻവർ സാദത്ത്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്

എല്ലാ ആർ.ഡി.ഡി./എ.ഡി./ഡി.ഡി.ഇ./ഡി.ഇ.ഒ./എ.ഇ.ഒ.മാർക്കും

എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും